"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

**നമ്പർ.ജി1/26825/13(1)** **തൈക്കാട്, തിരുവനന്തപുരം-14**
**തീയതി: 5/10/2013.**

**<u>വിജ്ഞാപനം</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2014 – ആദ്യ സെമസ്റ്ററിലേക്കുള്ള പരീക്ഷ - അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സൂചന:- ഡി.ജി.ഇ.റ്റി 19(4)/2011-സി.സി.-പി.റ്റി. നമ്പരായുള്ള 23/8/13 ലെ കത്ത്.

ആഗസ്റ്റ് 2013 അഡ്മിഷൻ മുതൽ ഐ.ടി.ഐ പാഠ്യപദ്ധതി സെമസ്റ്റർ സമ്പ്രദായത്തിലേക്ക് മാറിയിരുന്നു. ആയത് പ്രകാരം ജനുവരി 2014-ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് സെമസ്റ്റർ സമ്പ്രദായത്തിലാണ് നടക്കുന്നതെന്ന് ഡി.ജി.ഇ.റ്റി സൂചന പ്രകാരം അറിയിച്ചിരുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ കളിൽ എൻ.സി.വി.ടി അംഗീകൃത ട്രേഡുകൾ പരിശീലനം നടത്തുന്നതും ആഗസ്റ്റ് 2013 ൽ അഡ്മിഷനായതുമായ ട്രെയിനികളിൽ നിന്നും ആദ്യ സെമസ്റ്ററിൽ പരീക്ഷ എഴുതുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു.

"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ ഫീസ് ഒടുക്കിയ ചെലാൻ അസൽ സഹിതം പൂരിപ്പിച്ച അപേക്ഷ 28/10/2013 വൈകുന്നേരം 3 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട ഗവൺമെന്റ്/ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ ട്രേഡുകളിലെയും ട്രെയിനികൾ 40/- രൂപയാണ് ഫീസിനത്തിൽ ഒടുക്കേണ്ടത്.

അപേക്ഷകൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സൂക്ഷ്മപരിശോധന നടത്തിയ ശേഷം ട്രെയിനികളുടെ ലിസ്റ്റ് (രണ്ട് പകർപ്പ്). ഡി.ജി.ഇ.റ്റി യുടെ അഫിലിയേഷൻ ഉത്തരവിന്റെ പകർപ്പ് (ഓരോ ട്രേഡിന്റെയും അനുബന്ധ യൂണിറ്റിന്റെയും) സഹിതം 31/10/13 മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിക്കണം.

(ഒപ്പ്)
**ട്രെയിനിംഗ് ഡയറക്ടർ**

എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
<u>പകർപ്പ്</u>:- 1. ഡി.റ്റി യുടെ സി.എ/എ.ഡി.റ്റി/എസ്.എസ് (ജി)
2. ട്രെയിനിംഗ് ആഫീസർമാർ/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ/ ഡി.ഡി.റ്റി/ടി.ടി.ഒ/കരുതൽ ഫയൽ (ജി)

**//ഉത്തരവിൻ പ്രകാരം//**

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ആർ ഇ-30 9.13

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ.ജി1/26825/13 (1)

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 05/10/2013

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2014-ആദ്യ സെമസ്റ്ററിലേക്കുള്ള പരീക്ഷ-വിജ്ഞാപന പ്രകാരമുള്ള അപേക്ഷകൾ ശുപാർശ ചെയ്യുന്നത്-സംബന്ധിച്ച്.

**********

1. പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ യിലാണ് അപേക്ഷ സമർപ്പിയ്ക്കേണ്ടത്. പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എൻ.സി.വി.റ്റി അഫിലിയേറ്റ് ചെയ്ത ട്രേഡിലും, അഡ്മിഷൻ ക്ലോസ് ചെയ്ത ലിസ്റ്റിലും ഉൾപ്പെട്ട റഗുലർ ട്രെയിനികളുടെ അപേക്ഷകൾ മാത്രമേ അയച്ചിട്ടുള്ളൂ എന്ന് ബന്ധപ്പെട്ട ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ ഒരു സത്യവാങ്മൂലവും, ട്രെയിനികളുടെ പേരുകൾ ഉൾപ്പെട്ട അഡ്മിഷൻ ക്ലോസ് ചെയ്ത ലിസ്റ്റിന്റെയും, ബന്ധപ്പെട്ട ട്രേഡിന്റെ അഫിലിയേഷൻ ഉത്തരവിന്റെയും ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. (മാതൃക അപേക്ഷാ ഫാറങ്ങൾ പ്രത്യേകം ചേർത്തിട്ടുണ്ട്). പൂർണ്ണ വിവരങ്ങൾ ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷകൾ 28/10/2013 വൈകുന്നേരം 3 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ, അപൂർണ്ണമായതോ, അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പില്ലാത്തതോ, എസ്.എസ്.എൽ.സി യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പില്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. പ്രിൻസിപ്പാൾ അപേക്ഷകൾ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി, അപേക്ഷാ ഫോറം സാക്ഷ്യപ്പെടുത്തി ഓരോ ട്രേഡിനും പ്രത്യേകം പ്രത്യേകം ലിസ്റ്റ് (രണ്ട് കോപ്പികൾ) ഉൾപ്പെടെ 31/10/2013 ന് 5 മണിക്കു മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. തയ്യാറാക്കേണ്ട ലിസ്റ്റിന്റെ മാതൃക (അനുബന്ധം-1 ആയി) ഇതോടൊപ്പം അയയ്ക്കുന്നു.

2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതും ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ അയയ്ക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
3. ഗവൺമെന്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും സ്വീകരിക്കുന്ന ചെലാൻ ഫയലിൽ സൂക്ഷിക്കേണ്ടതും ഈ വിവരം അപേക്ഷ, ലിസ്റ്റ് എന്നിവയോടൊപ്പം അയയ്ക്കുന്ന ഉപരിപത്രത്തിൽ (കവറിംഗ് ലെറ്റർ) പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്. മറ്റുള്ളവർ ചെലാന്റെ അസ്സൽ അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. താമസിച്ച് ഫീസടച്ചിട്ടുള്ളതും, നിശ്ചിത തുകയിലും കുറച്ച് അടച്ചിട്ടുള്ളതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഈ കുറവ് പരിഹരിക്കാനും അനുവദിക്കുന്നതല്ല.
4. അപേക്ഷയോടൊപ്പം അയയ്ക്കുന്ന ഉപരിപത്രത്തിൽ ഓരോ ട്രേഡിലും അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ എണ്ണം കർശനമായും സൂചിപ്പിച്ചിരിക്കേണ്ടതാണ്.
5. 2013 ആഗസ്റ്റിൽ പുതിയതായി ആരംഭിച്ച് എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ കളിലെ ട്രേഡുകൾ/യൂണിറ്റുകളെ ട്രേഡ് ടെസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ വിജ്ഞാപനം ടി ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
6. പരീക്ഷ നടപടി ക്രമങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
   (എ) അപേക്ഷയിലെ വിവരങ്ങൾ ട്രെയിനിയെ സംബന്ധിച്ച് തീർത്തും ശരിയാണെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തണം. ടി വിവരങ്ങളാണ് 'ബി' ഫോറത്തിലും സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തി വരുന്നത്. ഒരിക്കൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ യാതൊരു കാരണവശാലും മാറ്റം വരുത്താൻ സാധിക്കുന്നതല്ല.
   (ബി) അപേക്ഷയിൽ പറയുന്ന ട്രെയിനിയുടെ വിവരങ്ങളനുസരിച്ച് തയ്യാറാക്കിയതും ഫോട്ടോ പതിപ്പിക്കാത്തതുമായ നമ്പരിട്ട ഹാൾടിക്കറ്റായിരിക്കും ഡയറക്ടറേറ്റിൽ നിന്നും വിതരണം ചെയ്യുന്നത്. അവ ഫോട്ടോ പതിച്ച് ഗവൺമെന്റ് ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ അറ്റസ്റ്റ് ചെയ്ത് ട്രെയിനികൾക്ക് നൽകേണ്ടതാണ്.

(സി) അപേക്ഷകൾ പരീക്ഷാ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ (ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൈക്കാട്, തിരുവനന്തപുരം-695 014) അയച്ചു തരേണ്ടതാണ്. അഡ്മിഷൻ ക്ലോസിംഗ് റിപ്പോർട്ടിന്റെ പകർപ്പ്, അപേക്ഷ, എസ്.എസ്.എൽ.സി യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അപേക്ഷകളുടെ കോഡീകൃത ലിസ്റ്റിന്റെ രണ്ട് പകർപ്പുകൾ, അസ്സൽ അഫിലിയേഷൻ ഉത്തരവിന്റെ പകർപ്പ് എന്നിവയാണ് ഇതോടൊപ്പം അയയ്ക്കേണ്ടത്. അപേക്ഷ അഡ്മിഷൻ ക്ലോസിംഗ് ലിസ്റ്റിലെ ക്രമത്തിൽ വയ്ക്കേണ്ടതാണ്.

(ഡി) ട്രേഡ് ടെസ്റ്റിന്റെ ഹാൾടിക്കറ്റ്, ബി ഫോറം എന്നിവ പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടതില്ല. എങ്കിൽ തന്നെയും റോൾ നമ്പർ അലോട്ടു ചെയ്ത് കഴിഞ്ഞാൽ ഓരോ ട്രെയിനിക്കും വിവിധ വിഷയങ്ങളിലെ സെഷണൽ മാർക്ക് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. ആകയാൽ സെഷണൽ മാർക്ക് നൽകുന്നതിന്റെ നടപടിക്രമങ്ങൾ മുൻകൂർ തന്നെ തയ്യാറാക്കേണ്ടതും റോൾ നമ്പർ ലഭിച്ചു കഴിഞ്ഞ് (ഹാൾടിക്കറ്റ് ലഭിച്ചതിനു ശേഷം) <u>അഞ്ച് ദിവസത്തിനകം</u> ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ യിൽ സമർപ്പിക്കേണ്ടതുമാണ്. സെഷണൽ മാർക്ക് അറിയിക്കേണ്ടതിന്റെ ഒരു മാതൃകാ പകർപ്പ് അനുബന്ധം-2 ആയി ഇതോടൊപ്പം അയയ്ക്കുന്നു. സമയ പരിധി കൃതൃമായി പാലിക്കേണ്ടതാണ്.

(ഇ) അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ <u>അപേക്ഷകന്റെ പേര്, അച്ഛന്റെ പേര്, ജനനതീയതി എന്നിവ എസ്.എസ്.എൽ.സി ബുക്കുമായി ഒത്തു നോക്കി ബോദ്ധ്യപ്പെടേണ്ടതാണ്.</u> ഇപ്രകാരം അല്ലാതെ ഉണ്ടാകുന്ന തെറ്റുകൾക്കും അതുമൂലം ബി ഫോറം, പി.എൻ.ടി.സി എന്നിവയിൽ ഉണ്ടാകുന്ന പിശകുകൾക്കും പി.എൻ.റ്റി.സി യുടെ വിതരണത്തിനുണ്ടാകുന്ന കാലതാമസത്തിനുമുള്ള ഉത്തരവാദിത്വം പൂർണ്ണമായും ട്രെയിനിക്കും പ്രിൻസിപ്പാളിനുമായിരിക്കും.

7. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യതുക തിരികെ നൽകുന്നതുമാണ്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ സ്റ്റൈപ്പന്റ് ആനുകൂല്യം ലഭി

ക്കുന്ന വിഭാഗത്തിൽപ്പെട്ട റഗുലർ ട്രെയിനികളെ പരീക്ഷാ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളവരുടെ പേര് വിവരം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അറിയിക്കേണ്ടും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും ഇവരുടെ പരീക്ഷാ ഫീസ് എഴുതി വാങ്ങി ടി ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

8. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുവാൻ ട്രെയിനികൾക്ക് ഓരോ സെമസ്റ്ററിലും 80% ഹാജർ നിർബന്ധമാണ്. ഹാജർ ശതമാനം കണക്കാക്കുന്നത് ആകെ ഹാജരായ ദിവസങ്ങളും സാദ്ധ്യമായ ദിവസങ്ങളും കണക്കാക്കിയാണ്. പരീക്ഷാ ഫീസ് ഒടുക്കുന്ന ദിനത്തിൽ 80% ഹാജർ ഉണ്ടായിരുന്നാലും ഹാൾ ടിക്കറ്റ് കൈപ്പറ്റുന്ന അവസരത്തിൽ 80%ഹാജർ ഉള്ളവരെ മാത്രമേ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ഇതിലേയ്ക്കായി റഗുലർ ട്രെയിനികൾ അനുബന്ധം-3 ആയി ഇതോടൊപ്പം ചേർക്കുന്ന പ്രകാരം സമ്മതപത്രം കൂടി നൽകേണ്ടതും ആയത് ബന്ധപ്പെട്ട പ്രിൻസിപ്പാൾ അവരുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

9. പ്രസ്തുത വിജ്ഞാപനം ട്രെയിനികളുടെ അറിവിലേക്കായി ഐ.ടി.ഐ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**ട്രെയിനിംഗ് ഡയറക്ടർ**

എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- 1. ഡി.റ്റി യുടെ സി.എ/എ.ഡി.റ്റി/എസ്.എസ് (ജി)
2. ട്രെയിനിംഗ് ആഫീസർമാർ/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ/ ഡി.ഡി.റ്റി/ടി.ടി.ഒ/കരുതൽ ഫയൽ (ജി1)
3. സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ കഴക്കൂട്ടം/ അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ (എസ്.പി.ഐ.യു)/ ജെ.ഡി.റ്റി/ജെ.ഡി (റീജണൽ ഡയറക്ടറേറ്റ്, കണ്ണൂർ)/ ഡി.എസ്.എ/ഡി.ഡി(എസ്.ഐ.സി)/ഡി.ഡി.(പി).

**//ഉത്തരവിൻ പ്രകാരം//**

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

## APPLICATION FOR THE ALL INDIA TRADE TEST HELD IN JANUARY 2014 FOR **REGULAR** CANDIDATES (1st SEMESTER)

**(Attach attested copy of SSLC, All enteries are in Block Letters only)**

1 Name of Govt./Pvt.ITI where the trainee has undergone training :

2 Trade :

3 Name of Applicant :

4 Full Address :

5 Name of Father / Guardian (In Block Letter) :

6 Date of Birth :

7 Category (To be indicated with Tick Mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

Affix Photograph attested by Principal

8 Male / Female (To be indicated with Tick Mark) : M F

9 Period of Taining (If re-admited mention period of re-admission and the order No. and date) : From February/August .................
To January/July ..........................

## DECLARATION

I do here by declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances to appear for the test within a period of three years on sucsssesful completion of my training. Also I agree to attend the trade test at the Centre allotted by the Director of Training. And also aware that I should secure 80% of attendance to appearing the Trade Test.

Date :

Name and Signature of the Applicant

## VERIFICATION REPORT OF THE PRINCIPAL

| | | | |
|---|---|---|---|
| (i) | Details of remittance of fees (In the case of Pvt.ITI Chalan in original to be Attached with the application) | Chalan No & Date :<br>Name of Treasury :<br>Amount : | |
| (ii) | Unit wise Affiliation Order No. of DGET with date | : | |
| (iii) | Total affiliated unit in the Trade | : | |
| (iv) | Admission No. with date, period of Training (if re-admission mentioned the details ) | : | |
| (v) | Total number of trainees admitted in the Trade as per admission closing list | : | |
| (vi) | Serial number of the applicant in the Admission closing list | : | |

I hereby certify that, the details furnished by the candidate are correct as per office records. I declare that the candidate has acquired the required training from affiliated trade / unit and his admission has been closed and his chance for passing the test has not been completed.

The Character of the Trainee is ..........................

Place: Signature of the Principal

Date:

(Office Seal)

NB :- The details in Column 1 to 06 of the trainee should be verified by the principal of Govt. /Pvt. ITI and then carefully fill the above column's (i) to (vi). Without the above details the application will be rejected without notice.

## Verification in the Directorate

1. Fee remitted :
2. Affiliation Status :
3. Admission closing list :

**DEPUTY DIRECTOR OF TRAINING**

അനുബന്ധം-1

**ALL INDIA TRADE TEST JANUARY 2014**

**LIST OF TRAINEES**

TRADE..............................

| Sl. No. | S.No. as per Admission Closing list | Roll No | Name of Trainee | Subject to which appear | Remarks |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |
| 12 | | | | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |
| 16 | | | | | |
| 17 | | | | | |
| 18 | | | | | |

(Office Seal) PRINCIPAL

അനുബന്ധം-൨

## ALL INDIA TRADE TEST JANUARY 2014

## SESSIONAL MARKS

TRADE............................

| Sl.No. | Sl.No.as per Admission Closing List | Roll No | Name of Candidate | Sessional Mark | | | | |
|---|---|---|---|---|---|---|---|---|
| | | | | Practical | Theory | W.Cal.&Scienc | Eng.Drawing | Remark |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |
| 16 | | | | | | | | |
| 17 | | | | | | | | |
| 18 | | | | | | | | |

(Office Seal) PRINCIPAL

അനുബന്ധം-3

സമ്മതപത്രം

2014 ജനുവരി മാസത്തിൽ നടക്കുന്ന ഒന്നാം സെമസ്റ്റർ ടെസ്റ്റിന് അപേക്ഷിക്കുന്ന എനിക്ക് ഹാൾ ടിക്കറ്റ് വിതരണം നടക്കുന്ന ദിവസം ട്രെയിനിംഗ് മാന്വൽ ഖണ്ഡിക 19(എ) പ്രകാരം ഉണ്ടായിരിക്കേണ്ട 80% ഹാജർ ഇല്ലാതിരിക്കുകയും പരീക്ഷ എഴുതുന്നതിന് ഹാൾ ടിക്കറ്റ് ലഭിക്കാതെ വരികയും ചെയ്യുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം എനിക്ക് മാത്രമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

എന്ന്,

തീയതി
സ്ഥലം

ഒപ്പ്
അപേക്ഷകന്റെ പേര്
ട്രേഡ്
ഐ.ടി.ഐയുടെ പേര്

(അപേക്ഷകൻ ഒപ്പിട്ട സമ്മതപത്രം ബന്ധപ്പെട്ട പ്രിൻസിപ്പാൾ വശം സൂക്ഷിക്കേണ്ടതാണ്.)